നം.എൻ.ഇ.പി-3/82863/07 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

തിരുവനന്തപുരം

തീയതി :05.12.2007

## സർക്കുലർ

വിഷയം :- **സംസ്ഥാനത്തെ സർക്കാർ - എയ്ഡഡ് സ്ക്കൂളുകളിൽ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതു സംബന്ധിച്ച് സ്ക്കൂളുകൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

ഗുണമേന്മയും മൂല്യബോധവുമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കുന്ന ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സ്കൂളുകൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പ്രതിവർഷം 5000 രൂപ എന്ന പ്രത്യേക സൗജന്യ നിരക്കാണ് ബ്രോഡ്ബാൻഡ് ഇന്റർനെറ്റിന് ഓരോ സ്കൂളും ബി.എസ്.എൻ.എല്ലിലേക്ക് ഫീസായി അടക്കേണ്ടത്. പ്രത്യേകമായി സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇൻസ്റ്റലേഷൻ ചാർജ്ജ്, മോഡം വാടക തുടങ്ങിയവ പൂർണമായും ഒഴിവാക്കിയിട്ടുണ്ട്. ഇതിലേക്കായി സർക്കാർ സ്ക്കൂളുകൾ 1000 രൂപയും എയ്ഡഡ് സ്ക്കൂളുകൾ 4000 രൂപയും ഐ.ടി @ സ്ക്കൂളിലേക്ക് അടക്കേണ്ടതാണ്. ഇതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ബി.എസ്.എൻ.എല്ലുമായി ചർച്ച ചെയ്ത് ഐ.ടി. @ സ്ക്കൂൾ പുറപ്പെടുവിക്കുന്നതാണ്.

2. പ്രതിമാസം 3 ജി.ബി. ഡൗൺലോഡ് പരിധിയാണ് നിശ്ചയിച്ചിട്ടുള്ളത്. ഇതിൽ കൂടുതൽ വരുന്ന തുക ഒരു എം.ബി.യ്ക്ക് 80 പൈസ നിരക്കിൽ ബന്ധപ്പെട്ട സ്ക്കൂളുകൾ അധികമായി നൽകേണ്ടതാണ്. സംസ്ഥാനത്താകമാനമുള്ള ഉപയോഗം മൊത്തം അനുവദിച്ചിട്ടുള്ള ഡൗൺലോഡ് പരിധിക്കുള്ളിലാണെങ്കിൽ 4GB വരെയുള്ള ഉപയോഗത്തിന് ചാർജ്ജ് ഈടാക്കാതിരിക്കാനാകുമോ എന്ന് പരിശോധിക്കുന്നതാണ്. ഇത് രണ്ടുമാസത്തിലൊരിക്കൽ പരിശോധിക്കുന്നതാണ്.

3. സർക്കാർ - എയ്ഡഡ് ഹൈസ്ക്കൂളുകൾക്ക് ബ്രോഡ്ബാൻഡിലേക്കുള്ള അവരുടെ വിഹിതം ലഭ്യമായ ഐ.ടി. ഫണ്ടിൽ നിന്നോ, പി.ടി.എ. ഫണ്ടിൽ നിന്നോ, സ്പെഷ്യൽ ഫീസിലെ ലാബ് ഫീ ഇനത്തിൽ നിന്നോ, മറ്റു സ്രോതസ്സുകളിൽ നിന്നോ കണ്ടെത്താവുന്നതാണ്. **ഇതിനായി ഒരു കാരണവശാലും വിദ്യാർത്ഥികളിൽ നിന്ന് പ്രത്യേക പിരിവ് നടത്താൻ പാടില്ല.**

4. സ്കൂളുകളിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതു സംബന്ധിച്ച് വിദ്യാർഥികളിൽനിന്നും യാതൊരുവിധത്തിലുള്ള ഫീസും ഈടാക്കാൻ പാടുള്ളതല്ല.

5. നിലവിൽ ബ്രോഡ്ബാൻഡ് കണക്ഷനെടുത്തിട്ടുള്ള ഹൈസ്കൂളുകൾക്ക് അവരുടെ കണക്ഷൻ ഈ സ്കീമിലേക്ക് മാറ്റാവുന്നതാണ്. ഇതിനുള്ള

അപേക്ഷ 2008 ജനുവരി 10നകം ഐ.ടി@സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകേണ്ടതാണ്.

6. വിവിധ സ്കൂളുകളിൽ മൂന്നു ഘട്ടങ്ങളിലായി ബ്രോഡ്ബാൻഡ് വിന്യാസം പൂർത്തിയാക്കും എന്നാണ് ബി.എസ്.എൻ.എൽ സമ്മതിച്ചിട്ടുള്ളത്. ഇതിൽ ഒന്നാംഘട്ടത്തിൽ വരുന്ന സ്കൂളുകൾ 2008 ജനുവരി 15നകവും രണ്ടാംഘട്ടത്തിൽ വരുന്ന സ്കൂളുകൾ 2008 ഫെബ്രുവരി 28നകവും മൂന്നാംഘട്ടത്തിൽ വരുന്ന സ്കൂളുകൾ 2008 ജൂൺ 30നകവും ബ്രോഡ്ബാൻഡ് കണക്ഷനുള്ള വിഹിതം ഐ.ടി@സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി അടക്കേണ്ടതാണ്. മൂന്നു ഘട്ടങ്ങളിലായി കണക്ഷൻ ലഭ്യമാക്കുന്ന സ്കൂളുകളുടെ ലിസ്റ്റ് വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ (www.education.kerala.gov.in) 2007 ഡിസംബർ 15 മുതൽ ലഭ്യമാക്കുന്നതാണ്.

7. അഡോപ്റ്റഡ് സ്ക്കൂളുകൾ, 100-ൽ താഴെ കുട്ടികളുള്ള സർക്കാർ സ്ക്കൂളുകൾ എന്നിവയുടെ ബ്രോഡ്ബാൻഡ് കണക്ഷന് ആവശ്യമായ മുഴുവൻ തുകയും ഐ.ടി.@സ്കൂൾ പ്രോജക്ടിൽ നിന്ന് ലഭ്യമാക്കുന്നതാണ്.

8. അംഗീകൃത അൺ എയ്ഡഡ് ഹൈസ്ക്കൂളുകൾക്ക് മുഴുവൻ തുകയും (പ്രതിവർഷം 5000 രൂപ) നൽകി ഈ സ്ക്കീമിൽ ചേരാവുന്നതാണ്. ഈ സ്ഥാപനങ്ങളിൽ 3 ജി.ബി.യ്ക്ക് പുറമെ വരുന്ന ഉപയോഗത്തിന് എം.ബി.യ്ക്ക് 80 പൈസ നിരക്കിൽ നിർബന്ധമായും നൽകേണ്ടതാണ്. സ്കീമിൽ ഉൾപ്പെടുത്തുന്നതിന് താൽപര്യമുള്ള അംഗീകൃത അൺ എയ്ഡഡ് സ്കൂളുകൾ പ്രസ്തുത അപേക്ഷയും ഐ.ടി@സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 5000 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് 2008 ജനുവരി 30ന് മുമ്പ് ഐ.ടി@സ്കൂൾ പ്രോജക്ടിന്റെ സ്റ്റേറ്റ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

9. സ്ക്കൂളുകളിൽ ഇന്റർനെറ്റ് കണക്ഷൻ നൽകുമ്പോൾ അവ ഫലപ്രദമായി ഉപയോഗിക്കുന്നതിന് സഹായകമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്ന താണ്.

10. ഇന്റർനെറ്റിന്റെ ഉപയോഗം മാർഗ്ഗനിർദേശപ്രകാരമാണെന്ന് ഹെഡ്മാസ്റ്റർമാർ ഉറപ്പുവരുത്തേണ്ടതാണ്. ബ്രോഡ്ബാൻഡ് കണക്ഷൻ നൽകുന്നതിനായി സ്കൂളുകളിൽ എത്തുന്ന ബി.എസ്.എൻ.എൽ അധികൃതർക്ക് അതിനുള്ള സൗകര്യം സ്കൂൾ ഹെഡ്മാസ്റ്റർമാർ നൽകേണ്ടതാണ്.

ഒപ്പ്/-
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

എല്ലാ ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാർക്കും
(ജില്ലാ വിദ്യാഭ്യാസ ഓഫീസർമുഖാന്തിരം)

<u>പകർപ്പ് :-</u>

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ DC/MTC/MT മാർക്കും.